# പതിമൂന്നാം കേരള നിയമസഭ
## ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2225 — 18.12.2012 ൽ മറുപടിയ്ക്ക്

### വിദ്യാർത്ഥികളുടെ യാത്രാ പ്രശ്നങ്ങൾ

| ചോദ്യം<br>ശ്രീ. കെ. ദാസൻ | | ഉത്തരം<br>ശ്രീ. ആര്യാടൻ മുഹമ്മദ്<br>ഊർജ്ജവും ഗതാഗതവും വകുപ്പ് മന്ത്രി |
|---|---|---|
| (എ) വിദ്യാർത്ഥികൾക്ക് കൺസെഷൻ അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ വിശദീകരിക്കാമോ ; | (എ) | ഏതെങ്കിലും ഒരു അംഗീകൃത സ്ഥാപനത്തിൽ ഒരു അംഗീകൃത കോഴ്സ് ഫുൾടൈം ആയി പഠിക്കുന്ന വിദ്യാർത്ഥികൾക്കും ഇൻഡ്യയിലെ ഏതെങ്കിലും ഒരു യൂണിവേഴ്സിറ്റിയിൽ പേര് രജിസ്റ്റർ ചെയ്ത് യൂണിവേഴ്സിറ്റി അംഗീകരിച്ച ഒരു കോഴ്സ്, ഏതെങ്കിലും പ്രൈവറ്റ് സ്ഥാപനത്തിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്കും അവർ മറ്റേതെങ്കിലും തൊഴിലിൽ ഏർപ്പെട്ടിട്ടില്ലായെങ്കിൽ കൺസഷൻ അനുവദിക്കുന്നതാണ്. സിറ്റി/ടൗൺ, ഓർഡിനറി മൊഫ്യൂസിൽ സർവ്വീസ്, ലിമിറ്റഡ് സ്റ്റോപ് ഓർഡിനറി സർവ്വീസ് എന്നീ വിഭാഗത്തിലുള്ള ബസ്സുകളിൽ വിദ്യാർത്ഥികളുടെ താമസ സ്ഥലത്തു നിന്നും അവർ പഠിക്കുന്ന സ്ഥാപനങ്ങളിലേക്ക് പരമാവധി 40 കി.മീ. ദൂരത്തേക്കാണ് യാത്രാ സൗജന്യം അനുവദിക്കുന്നത്. വിദ്യാർത്ഥികൾ പഠിക്കുന്ന കോഴ്സിന്റെ മുഴുവൻ കാലാവധിക്കും അവധി ദിവസങ്ങളിൽ ഉൾപ്പെടെ കൺസഷൻ അനുവദിക്കുന്നതാണ്. കൂടാതെ, വിദ്യാർത്ഥി പഠിക്കുവാൻ ഉദ്ദേശിക്കുന്ന പാഠ്യവിഷയമുള്ള സ്ഥാപനം വാസസ്ഥലത്തു നിന്നും 40 കി.മീറ്ററിനും അപ്പുറമാണെങ്കിൽ ടി വിഷയം 40 കി.മീറ്ററിന് ഉള്ളിലുള്ള പഠന സ്ഥാപനങ്ങളിൽ ഇല്ലായെന്ന പ്രധാന അദ്ധ്യാപകന്റെ ശുപാർശയുടെ അടിസ്ഥാനത്തിലും, മെരിറ്റ് ക്വാട്ടയിലൂടെ പ്രവേശനം നേടിയ വിദ്യാർത്ഥികൾക്കും ദൂരപരിധി കണക്കാക്കാതെ യാത്രാസൗജന്യം അനുവദിക്കുന്നുണ്ട്. |
| (ബി) ഒഴിവു ദിവസങ്ങളിൽ സ്പെഷ്യൽ ക്ലാസ്സിന് പോകുന്ന വിദ്യാർത്ഥികൾക്ക് സ്വകാര്യ ബസ്സുകളിൽ കൺസെഷൻ അനുവദിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഈ പ്രശ്നം പരിഹരിക്കാൻ സർക്കാർ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ ; | (ബി) | ശ്രദ്ധയിൽപെട്ടിട്ടുണ്ട്. സർക്കാരിന്റെ 28.11.2011ലെ ജി.ഒ.(പി) നം.63/2011/ഗതാഗതം എന്ന ഉത്തരവ് പ്രകാരം വിദ്യാർത്ഥികൾക്ക് കൺസഷൻ നിരക്കിൽ അവധി ദിവസങ്ങളിലും യാത്രാ ചെയ്യാമെന്ന് നിഷ്ക്കർഷിച്ചിട്ടുണ്ട്. ഈ ഉത്തരവ് പ്രകാരം വിദ്യാർത്ഥികൾക്ക് അവധി ദിവസങ്ങളിൽ സ്പെഷ്യൽ ക്ലാസ്സുകൾക്ക് ബസ്സുകളിൽ കൺസഷൻ അനുവദിക്കുന്നതായിരിക്കും. |

| | | |
|---|---|---|
| (സി) വിദ്യാർത്ഥികളുടെ യാത്രാ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും കൺസെഷൻ സംബന്ധിച്ച് പരാതികൾ കേൾക്കുന്നതിനും പരിഹരിക്കുന്നതിനും നിലവിലുള്ള സംവിധാനങ്ങൾ എന്തെല്ലാം ? | (സി) | ജില്ലയിലെ വിദ്യാർത്ഥികൾ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ ചർച്ച ചെയ്ത് പരിഹാരം കാണേണ്ടത് ജില്ലാ കളക്ടർ ചെയർമാനായ ജില്ലാ സ്റ്റുഡന്റ്സ് ട്രാവൽ ഫെസിലിറ്റി കമ്മിറ്റി ആണ്. വിദ്യാർത്ഥികളുടെ കൺസഷൻ കാർഡ് വിതരണവുമായി ബന്ധപ്പെട്ട പരാതികൾ, പ്രൈവറ്റ് ബസ്സുകളിൽ വിദ്യാർത്ഥികളെ കയറ്റുന്നില്ലായെന്നും വിദ്യാർത്ഥികളെ ബസ്സിന് പുറത്ത് ക്യൂ ആയി നിറുത്തിയ ശേഷം മാത്രമേ കയറാൻ അനുവദിക്കുന്നുള്ളൂ എന്നുമുള്ള പരാതികൾ, വിദ്യാർത്ഥികൾ നിൽക്കുന്ന സ്റ്റോപ്പുകളിൽ ബസ്സ് നിറുത്തുന്നില്ല, വിദ്യാർത്ഥികൾക്ക് ബസ്സിൽ സീറ്റ് അനുവദിക്കുന്നില്ല, അമിത ചാർജ്ജ് ഈടാക്കുന്നു, ജീവനക്കാർ വിദ്യാർത്ഥികളോട് മോശമായി പെരുമാറുന്നു തുടങ്ങിയുള്ള പരാതികൾ എല്ലാം സ്റ്റുഡന്റ്സ് ട്രാവൽ ഫെസിലിറ്റി കമ്മിറ്റി ചർച്ച ചെയ്ത് പരിഹരിക്കണമെന്ന നിർദ്ദേശം എല്ലാ ജില്ലാ കളക്ടർമാർക്കും ആർ.ടി.ഒ.മാർക്കും നൽകിയിട്ടുണ്ട്.<br><br>വിദ്യാർത്ഥികളുടെ യാത്രാ കൺസഷനുമായി ബന്ധപ്പെട്ട പരാതികൾ പരിഹരിക്കുന്നതിനായി ജില്ലാതല സ്റ്റുഡന്റ് ട്രാവൽ ഫെസിലിറ്റി കമ്മിറ്റിയുടെ യോഗം ഒരു വർഷത്തിൽ കുറഞ്ഞത് 2 പ്രാവശ്യമെങ്കിലും വിളിച്ചുകൂട്ടുവാനും വിദ്യാർത്ഥികളുടെ വിവിധ പ്രശ്നങ്ങൾക്ക് പരിഹാരം കാണുവാനും നിർദ്ദേശിച്ചുകൊണ്ട് എല്ലാ കളക്ടർമാർക്കും ആർ.ടി.ഓ.മാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. വിദ്യാർത്ഥികളുടെ യാത്രാ സൗജന്യവുമായി ബന്ധപ്പെട്ട പരാതികളിന്മേൽ ആവശ്യമായ അന്വേഷണം നടത്തി പ്രസ്തുത വിഷയം ബന്ധപ്പെട്ട റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസറുടെയോ, ട്രാൻസ്പോർട്ട് കമ്മീഷണറുടെയോ, സർക്കാരിന്റെയോ, ശ്രദ്ധയിൽ കൊണ്ടുവരുവാൻ എല്ലാ സ്ഥാപന മേധാവികൾക്കും നിർദ്ദേശം നൽകണമെന്ന് ആവശ്യപ്പെട്ട് ഡയറക്ടർ ഓഫ് പബ്ലിക് ഇൻസ്ട്രക്ഷൻസ്, ഡയറക്ടർ ഓഫ് കൊളീജിയേറ്റ് എഡ്യൂക്കേഷൻ എന്നിവർക്ക് സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.